## 4. ഒതുക്കം



നാം നേരത്തെ ലുഖ്മാനെക്കുറിച്ചു പറഞ്ഞല്ലോ. അദ്ദേഹം ഒരിക്കൽ തന്റെ മകനോട് പറഞ്ഞു: ''മകനേ, നീ കൃത്യമായി പ്രാർഥിക്കണം. നന്മ കൽപിക്കണം. തിന്മ നിരോധിക്കണം. നിന്നെ ബാധിക്കുന്ന വിപത്തുകൾ ക്ഷമിക്കുകയും വേണം. ഇത് വളരെ വിലപ്പെട്ട കാര്യങ്ങളാകുന്നു. നീ ആളുകളിൽനിന്ന് മുഖം തിരിച്ച് സംസാരിക്കരുത്. ഭൂമിയിൽ നിഗളിച്ചു നടക്കുകയും അരുത്. അഹന്ത കാട്ടുകയും ഭള്ള് പറയുകയും ചെയ്യുന്നവരെ ദൈവം ഇഷ്ടപ്പെടുകയില്ല. നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കണം. സംസാരത്തിൽ ഒച്ച കുറക്കണം. ഒച്ചകളിൽ ഏറ്റം അരോചകമായത് കഴുതയുടെ ശബ്ദമാണ്.''

ലുഖ്മാന്റെ മകൻ ഏത് തരക്കാരനാണെന്ന് നമുക്കറിയില്ല. പക്ഷേ, തന്റെ മകൻ ഉന്നതനും ആദരണീയനുമാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിട്ടുണ്ടാകും. അതിനാലാകണം അദ്ദേഹം മകനെ ഉപദേശിച്ചത്. നമ്മുടെയൊക്കെ പിതാക്കന്മാരും നമ്മെപ്പറ്റി അങ്ങനെയാണല്ലോ ആഗ്രഹിക്കുന്നത്. അതിനാലാണ് ലുഖ്മാന്റെ ഉപദേശം ഇവിടെ എടുത്തുപറഞ്ഞത്.

ആളുകൾ നമ്മെപ്പറ്റി ഒരു അമർച്ചയുമില്ലാത്ത കുട്ടിയെന്ന് പറയുന്നത് കേട്ടാൽ നമ്മുടെ രക്ഷിതാക്കളുടെ മനസ്സ് വേദനിക്കും. എന്നാൽ നമ്മെ വെറുക്കുന്നതുകൊണ്ടായിരിക്കും ആളുകൾ അങ്ങനെ പറയുന്നത്.

ജീവിതത്തിൽ അച്ചടക്കം ഇല്ലാതാകുമ്പോഴാണ് കുട്ടികൾ അമർച്ചയില്ലാത്തവരാകുന്നത്. അമർച്ചയും ഒതുക്കവും വലിയ സംഗതികളാകുന്നു. നമ്മുടെ ഭാവി ശോഭനമാകുന്നത് ചെറുപ്പത്തിലുണ്ടാകുന്ന അച്ചടക്കത്തിന്റെ ഭാഗമാണ്. ലുഖ്മാൻ എന്താണ് തന്റെ മകനോട് പറഞ്ഞതെന്ന് നോക്കൂ:

ഈശ്വരപ്രാർഥന പതിവാക്കണം. ദൈവസ്മരണയാണ് ജീവിതത്തിൽ അച്ചടക്കം ഉണ്ടാകാൻ ഏറ്റം നല്ല മാർഗം. അതിനാണ് ദൈവം ആരാധനകൾ നിശ്ചയിച്ചത്.

കൂടെയുള്ളവർ തെറ്റു ചെയ്യുന്നത് കാണുമ്പോൾ നാം അത് തിരുത്തണം. തെറ്റു ചെയ്യാനുള്ള വാസന വേഗം പകരും. അത് എല്ലാവരെയും നശിപ്പിക്കും.

തിന്മ വിലക്കിയതുകൊണ്ട് മാത്രം കാര്യമില്ല. നന്മ ചെയ്യാൻ കൂട്ടുകാരെ പ്രോത്സാഹിപ്പിക്കുകയും വേണം. തിന്മയെ പ്രതിരോധിക്കാനും നന്മ പ്രചരിപ്പിക്കുവാനും അതാണ് നല്ല വഴി. നാം ജീവിക്കുന്ന ചുറ്റുപാട് സ്നേഹവും സന്തോഷവും നിറഞ്ഞതാകാൻ അത് നിർബന്ധമാകുന്നു.

മറ്റുള്ളവരോട് സംസാരിക്കുമ്പോൾ അഹങ്കാരത്തോടെ മുഖം തിരിച്ചു സംസാരിക്കരുത്. അവരുടെ മുഖത്തേക്ക് നോക്കി പുഞ്ചിരിയോടെ സൗമ്യമായി സംസാരിക്കണം. അഹങ്കാരത്തോടെ മദിച്ചു പുളച്ചു നടക്കരുത്. അത് അഹങ്കാരത്തിന്റെ അടയാളമാകുന്നു. മര്യാദയോടെ വേണം നടക്കുവാൻ. ഞാൻ വലിയവൻ, എന്റേത് കാര്യങ്ങൾ വലുത് എന്ന നിലക്ക് സംസാരിക്കരുത്. അത് ദൈവം ഇഷ്ടപ്പെടാത്ത കാര്യമാണ്. ഓരോരുത്തനും അവനവന്റെ കാര്യം വലുതാണ്. അത് നാം മാനിക്കണം. വലിയ ഒച്ചയും ബഹളവും നല്ലതല്ല. അത് മറ്റുള്ളവരെ പ്രയാസപ്പെടുത്തും. അഹങ്കാരത്തിന്റെ അടയാളമാണത്. കഴുതയുടെ ശബ്ദമാണല്ലോ വലുത്. എന്നിട്ട് കാര്യമെന്താ, ജനം അതിനെ വെറുക്കുകയാണ് ചെയ്യുന്നത്. അതുപോലെയാകും നമ്മുടെയും കാര്യവും.